# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.783 11.07.2016 ൽ മറുപടിയ്ക്ക്

### കെ.എസ്.ടി.പി. 2-ാംഘട്ടപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" എ.പി.അനിൽകുമാർ<br>" വി.പി.സജീന്ദ്രൻ<br>" സണ്ണി ജോസഫ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. 2ാം ഘട്ട പദ്ധതിക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | (എ) കെ.എസ്.ടി.പി. 2ാം ഘട്ടപദ്ധതിയിൽപ്പെടുത്തി താഴെ ചേർക്കുന്ന കർമ്മ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br>1. 363 കി.മീ. സംസ്ഥാന റോഡുകളുടെ വീതി കൂട്ടിയുള്ള അപ്ഗ്രേഡേഷൻ പണികൾ<br>2. റോഡ് സുരക്ഷ ശക്തിപ്പെടുത്തൽ<br>ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ചുമതലയുള്ള കേരള റോഡ് സുരക്ഷാ അതോറിറ്റി മുതലായ പ്രസ്ഥാനങ്ങളുടെ ശക്തിപ്പെടുത്തലും, ഇതുമായി ബന്ധപ്പെട്ടവരെ പരിശീലിപ്പിക്കലും, വാഹന സാന്ദ്രതയും അപകടസാദ്ധ്യതയും കൂടുതലുള്ള കഴക്കൂട്ടം-വെഞ്ഞാറമൂട്-അടൂർ റോഡ് (80 കി.മീ) ഒരു മാതൃകാ സുരക്ഷാ റോഡായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ, മറ്റു ജില്ലകളിലുള്ള റോഡുകളിൽ സുരക്ഷാ പ്രോഗ്രാമുകൾ നടപ്പാക്കൽ എന്നീ കർമ്മ പരിപാടികളാണ് ഉദ്ദേശിക്കുന്നത്.<br>3. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ്.<br>ഇതിന്റെ ഭാഗമായി കേരളത്തിന്റെ സാമൂഹിക സാമ്പത്തികോന്നമനത്തിന് അത്യന്താപേക്ഷിതമായ പ്രധാന റോഡുകളുടെ ഒരു ശൃംഖല കണ്ടെത്തി അതിനെ ബലപ്പെടുത്തി പ്രത്യേക പരിഗണന കൊടുത്ത് പരിപാലിക്കുന്നതിനുള്ള സ്ട്രാറ്റജിക് നെറ്റ് വർക്ക് പ്രോഗ്രാം, കെ.എസ്.ടി.പി. 2-ാം ഘട്ടത്തിന്റെ തുടർച്ചയായി നടപ്പാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി.കൂടാതെ കെ.എസ്.ടി.പി. വികസിപ്പിച്ച റോഡുകളുടെ ദൈനംദിന പരിപാലനത്തിനും റോഡ് സുരക്ഷാ നടപടികളെടുക്കുവാനും തദ്ദേശവാസികളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു പരീക്ഷണ പദ്ധതി നടപ്പാക്കലും ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കെ.എസ്.ടി.പി. 2ാം ഘട്ട പദ്ധതിയുടെ ഭാഗമായി മേൽ വിവരിച്ച പരിപാടികളിലൂടെ കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നവ താഴെ ചേർക്കുന്നു.<br>1.പദ്ധതിയിൽപ്പെട്ട 363 കി.മീ. റോഡുകളിലൂടെയുള്ള യാത്ര സുഗമമാക്കുക. അതുവഴി 20 ശതമാനത്തോളം ഇന്ധനചിലവ് കുറയ്ക്കൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ കുറയുന്നതിലൂടെ 20% ചെലവ് ലാഭിക്കൽ, യാത്രാസമയം 20% കുറയ്ക്കൽ എന്നിവ പ്രാവർത്തികമാക്കൽ.<br>2. പദ്ധതിയിൽപ്പെട്ട റോഡുകളിലും, മാതൃക സുരക്ഷാ റോഡുകളിലും അപകടമരണങ്ങൾ 30%ത്തോളം കുറയ്ക്കുക. സംസ്ഥാനത്ത് മൊത്തം അപകട നിരക്ക് ഗണ്യമായി കുറയ്ക്കുക.<br>3.സംസ്ഥാനത്ത് പ്രധാനപ്പെട്ട റോഡുകൾക്ക് പ്രത്യേക മുൻഗണന കൊടുത്ത് വികസിപ്പിച്ച് ഉന്നത നിലവാരത്തിൽ പരിപാലിക്കലും അതുവഴി സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ പുരോഗതി നേടുക.<br>4. വികസിപ്പിച്ച റോഡുകളുടെ ദൈനം ദിന പരിപാലനത്തിനായി തദ്ദേശവാസികളെ പ്രാപ്തരാക്കൽ |
| (സി) | ആരുടെയെല്ലാം ധനസഹായമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്; | (സി) | ലോകബാങ്ക് (ഐ.ബി.ആർ.ഡി) നൽകുന്ന ധനസഹായം (ലോൺ) ഇതിന് പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെയും (ഡിഇഎ) ലോകബാങ്കിന്റെയും അംഗീകാരം ലഭിച്ചു. ഈ പദ്ധതിയിൽപ്പെട്ട പണികളും മറ്റു പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ